(ഇ) സൂപ്പർ ഫാസ്റ്റ് ബസ്സുകൾ അമിത വേഗതയിലല്ല ഓടിക്കുന്നത്. ഇതിനായി ആവശ്യമായ റണ്ണിംഗ് ടൈം അനുവദിച്ചിട്ടുണ്ട്. പഴയ ബസ്സുകൾ ഇത്തരം സർവ്വീസുകൾക്കുപയോഗിക്കാറില്ല. സ്ഥിരം ഡ്രൈവർമാരെ മാത്രമേ ഇത്തരം സർവ്വീസുകളിൽ നിയോഗിക്കാറുള്ളൂ.

(എഫ്) നിശ്ചിത യോഗ്യതയുള്ള ഡ്രൈവർമാരെയാണ് കെ.എസ്. ആർ.ടി.സി.യിൽ ബസ്സ് ഓടിക്കുവാൻ നിയോഗിച്ചിട്ടുള്ളത്. ഇവരിൽ സ്ഥിരം ഡ്രൈവർമാരെ മാത്രമേ ഇത്തരം സർവ്വീസുകളിൽ നിയോഗിക്കാവൂ എന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. മൂന്നു വർഷത്തിൽ കൂടുതൽ പഴക്കമുള്ള വാഹനങ്ങൾ ഇത്തരം സർവ്വീസുകൾക്കുപയോഗിക്കാറില്ല. അറ്റകുറ്റപ്പണികൾ വേണ്ടിവരുമ്പോൾ കഴിവതും ഒറിജിനൽ സ്പെയർപാർട്സുകൾ തന്നെ ഉപയോഗിച്ചു വരുന്നു. കൂടാതെ ഡ്രൈവർമാരെ റിഫ്രഷർ കോഴ്സുകളിൽ പങ്കെടുപ്പിച്ച് വിദഗ്ധ പരിശീലനം നൽകുന്നുണ്ട്.

7 (*532) വനഭൂമി കൈയ്യേറ്റം

ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. പി. രാഘവൻ :
ശ്രീ. പി. വിശ്വൻ :
ശ്രീ. വി.കെ. ചന്ദ്രൻ:
ശ്രീ. രാജു എബ്രഹാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനഭൂമി കയ്യേറുന്നവരെ ഒഴിപ്പിക്കാൻ ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഒഴിപ്പിക്കുന്നതിൽ വരുന്ന കാലതാമസം മൂലം വനഭൂമി അന്യാധീനപ്പെടുന്നത് തടയാൻ ഇക്കാര്യത്തിൽ അടിയന്തിരമായി ഇടപെട്ട് കയ്യേറ്റക്കാരെ ഒഴിപ്പിക്കാൻ വനംവകുപ്പ് ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകുമോ;

(ബി) സംസ്ഥാനത്തെ വനഭൂമി വിസ്തൃതി ഓരോ വർഷവും കുറഞ്ഞുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഇനി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ;

(ഡി) തരിശയായി കിടക്കുന്ന വനഭൂമിയിൽ നടപ്പിലാക്കുന്ന വനവൽക്കരണ പരിപാടിയുടെ പുരോഗതി വ്യക്തമാക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ: എ. നീലലോഹിതദാസൻ നാടാർ) :

(എ) കയ്യേറ്റ ശ്രമങ്ങൾ കണ്ടെത്തി ഉടനടി തടയുകയും കയ്യേറ്റക്കാരെ ഒഴിപ്പിക്കുകയും കയ്യേറ്റക്കാരുടെ പേരിൽ കേരള ഫോറസ്റ്റ് ആക്ട് പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്യുന്നു. ഒഴിപ്പിക്കാൻ കാലതാമസം ഉണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കാൻ വനംവകുപ്പ് ഉദ്യോഗസ്ഥർക്ക് പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) കേരളത്തിലെ വനഭൂമിയുടെ വിസ്തൃതി കുറഞ്ഞിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) തരിശുവനം എന്നൊരു വനവിഭാഗമില്ല. എന്നാൽ പ്രക്ഷീണ വനങ്ങളുണ്ട്. പ്രക്ഷീണ വനങ്ങളിൽ നടപ്പിലാക്കിവരുന്ന പരിഹാര വനവൽക്കരണ പദ്ധതിയനുസരിച്ച് 34540 ഹെക്ടറിലും സംയോജിത വനവൽക്കരണ പരിസ്ഥിതി വികസന പദ്ധതിയനുസരിച്ച് 4631 ഹെക്ടറിലും വനവൽക്കരണം നടത്തിയിട്ടുണ്ട്.

8 (*533) നാളികേര കൃഷി വികസനം

ശ്രീ. എ. അലിഹസ്സൻ :
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീ. എ. കണാരൻ :
ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീ. പി.കെ. കുമാരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കഴിഞ്ഞ മൂന്ന് വർഷമായി നാളികേര കൃഷി വികസനത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്ത് നാളികേര കൃഷി വികസനം മുൻനിറുത്തി ജല സേചന പദ്ധതിക്ക് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) നാളികേര കൃഷിക്കാർക്ക് സർക്കാർ, വളം, പമ്പുസെറ്റ് എന്നിവ നൽകിവരുന്നുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ഇ) എങ്കിൽ പമ്പുസെറ്റ്, വളം എന്നിവ നൽകുന്നതിന്റെ വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(എഫ്)കഴിഞ്ഞ മൂന്നു വർഷമായി നാളിതുവരെ കേര കർഷകർക്ക് നൽകിവരുന്ന വിവിധ സഹായങ്ങളുടെ ഫലമായി സംസ്ഥാനത്ത് നാളികേര കൃഷിയിടങ്ങളുടെ വിസ്തൃതി, ഉല്പാദനക്ഷമത എന്നിവ വർദ്ധിപ്പിച്ചുവോ;

(ജി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

കൃഷിവകുപ്പു മന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) നാളികേര കൃഷി വികസനത്തിനായി സംസ്ഥാന സർക്കാരിന്റെ സമഗ്ര നാളികേര വികസന പദ്ധതിയും കേന്ദ്രാവിഷ്കൃത പദ്ധതിയായ സംയോജിത നാളികേര വികസന പദ്ധതിയും നടപ്പാക്കി വരുന്നു. പദ്ധതി പ്രകാരം കാറ്റുവീഴ്ച രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചുമാറ്റൽ, തെങ്ങിന് രാസവള കിറ്റ് വിതരണം, തെങ്ങിന്റെ ഇടയിൽ ഇടവിളക്കൃഷി പ്രോൽസാഹിപ്പിക്കൽ, ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിന് സാമൂഹ്യ ജലസേചനം നടപ്പാക്കൽ എന്നീ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി)&(സി) സംസ്ഥാന സർക്കാർ നടപ്പാക്കി വരുന്ന സമഗ്ര നാളികേര വികസന പദ്ധതി ജലസേചനത്തിനാണ് മുൻതൂക്കം നൽകുന്നത്. 1998-99-ൽ സമഗ്ര നാളികേര വികസന പദ്ധതി പ്രകാരം 1400 ഹെക്ടർ സ്ഥലത്ത് സാമൂഹിക ജലസേചനം നടത്തുന്നതിന് 350 ലക്ഷം രൂപ ചെലവഴിച്ചു.

(ഡി) സബ്സിഡി നിരക്കിൽ നൽകി വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly